# NIDAS: 29

# Social protection of differently abled

## FREQUENTLY ASKED QUESTIONS

1. **ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിയമപരമായി സംരക്ഷിക്കാൻ കഴിയുമോ?**

   2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരം ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾക്കു സംരക്ഷണം ഉണ്ട്.

2. **ഭിന്നശേഷിയുള്ളവക്ക് സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള യോഗ്യത എന്താണ്?**

   സാധുവായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ് ഉണ്ടായിരിക്കേണ്ടതാണ്.

3. **സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കാൻ പ്രായം ഒരു ഘടകമാണോ?**

   പ്രായ പരിധി ഉള്ളതും ഇല്ലാത്തതുമായ ആനുകൂല്യങ്ങൾ ഉണ്ട്.

4. **ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ഏതൊക്കെയാണ്?**
   - പൂർണവും ഫലപ്രദവുമായ പങ്കാളിത്തം
   - അവസര സമത്വം
   - പദവിയോടുള്ള ആദരവ്
   - വിവേചന രാഹിത്യം
   - സ്വീകാര്യത
   - അവകാശങ്ങളോടും കഴിവുകളോടും ഉള്ള ബഹുമാനം

5. **ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രത്യേക നിയമങ്ങൾ ഏതൊക്കെയാണ്?**
   - വികലാംഗ നിയമം 1995
   - ആർ സി ഐ ആക്ട് 1992
   - നാഷണൽ ട്രസ്റ്റ് ആക്ട് 1999
   - ഭിന്നശേഷി അവകാശ നിയമം 2016

6. **ഡിസബിലിറ്റി സർട്ടിഫിക്കറ്റ് എന്നാലെന്ത് ?**

   വൈകല്യ വിഭാഗം, ശതമാനം, എന്നിവ രേഖപ്പെടുത്തി കൊണ്ട് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് ആണ് ഡിസബിലിറ്റി സർട്ടിഫിക്കറ്റ്.

7. **ഡിസബിലിറ്റി സർട്ടിഫിക്കറ്റ് എങ്ങനെ ആണ് ലഭിക്കുന്നത്?**

   മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോറത്തിനൊപ്പം (പൂരിപ്പിച്ചത് ) പാസ് പോർട്ട് സൈസ് ഫോട്ടോ, വൈകല്യം തെളിയിക്കുന്നതിന് റിപ്പോർട്ട് (കോപ്പി), ജനനസർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവ സമർപ്പിച്ചാൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് കിട്ടും. അങ്കണവാടിയിലോ ജില്ലാ ആശുപത്രിയിലോ അപേക്ഷ സമർപ്പിക്കുക.

8. **മെഡിക്കൽ ബോർഡിന്റെ അസ്സെസ്സ്മെന്റെനെതിരെ അപ്പീൽ നല്കാനാകുമോ?**

   നിലവിൽ സംവിധാനങ്ങൾ ഒന്നും ഇല്ല.

9. ഡിസബിലിറ്റി സര്‍ടിഫിക്കറ്റിന്റെ ഉപയോഗം എന്തെല്ലാം?

സർക്കാർ, സർക്കാരിതര ആനുകൂല്യങ്ങളും അവകാശങ്ങളും ലഭ്യമാക്കാൻ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് അനിവാര്യമാണ്.

10. ഉദ്യോഗങ്ങളിൽ ഭിന്നശേഷിക്കാർക്കായുള്ള സംവരണം എത്രയാണ്?

നിലവിൽ **3%.** ഭിന്നശേഷി അവകാശ നിയമം പ്രാബല്യത്തിലായാൽ **4%.**

11. ഭിന്നശേഷിയുള്ളവർക്കു ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഏതൊക്കെയാണ്?

സ്കോളർഷിപ്, വിദ്യാജ്യോതി, വിദ്യകിരണം തുടങ്ങിയവ

12. ലീഗൽ ഗാർഡിയൻഷിപ് എന്നാലെന്ത്?

**18** വയസ്സ് പൂർത്തിയായ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് അവരുടെ നിയമപരവും വ്യക്തിപരവുമായ പരിരക്ഷ ഉറപ്പാക്കാനായി ഒരു വ്യക്തിയെ ഉത്തരവാദിത്വപെടുത്തുന്നതാണ് ലീഗൽ ഗാർഡിൻഷിപ്. ബാങ്ക് ഇടപാടുകൾ നടത്താൻ, സ്വത്ത് ക്രയവിക്രയം നടത്താൻ, താല്പര്യങ്ങൾ സംരക്ഷിക്കാൻ ഗാർഡിയൻഷിപ് ആവശ്യമാണ്.

13. ഡിസബിലിറ്റി ഉള്ളവർക്ക് സൗജന്യമായി ഉപകരണങ്ങൾ ലഭിക്കുന്നത് എങ്ങനെ? എവിടെ നിന്നും?

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നി ജില്ലകളിലെ സ്റ്റേറ്റ് ഹാൻഡിക്യാപ് പേഴ്സൺസ് വെൽഫയർ കോപ്പറേഷൻ ലിമിറ്റഡ് ഓഫീസുമായി ബന്ധപെട്ടു അപേക്ഷ ഫോം പൂരിപ്പിച്ചു നൽകിയാൽ അർഹതപ്പെട്ടവർക്ക് ഡിസബിലിറ്റിക്ക് അനുയോജ്യമായ ഉപകരണങ്ങൾ സൗജന്യമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **www.hpwc.kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക. കേന്ദ്ര സർക്കാർ ആനുകൂല്യങ്ങൾക്ക് **https://www.india.gov.in/topics/social-development/disabled** എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

14. ഡിസബിലിറ്റി പെൻഷൻ ലഭിക്കാൻ എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത് ?

തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ നൽകുക.

15. ദീൻ ദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം എന്താണ്?

ഭിന്നശേഷിയുള്ളവരുടെ ദൈനംദിന ജീവന കഴിവുകൾ, വിദ്യാഭ്യാസം, നൈപുണ്യ വികസനം തുടങ്ങിയവ വികസിപ്പിക്കുക തൊഴിൽ, പരിശീലനം, ബോധവൽക്കരണം നൽകുക എന്നി ലക്ഷ്യങ്ങളോടെ കേന്ദ്ര ഗവൺമെൻറ് ആരംഭിച്ച പദ്ധതിയാണിത്.

16. ഭിന്നശേഷിയുള്ളവർക്ക് വൈദ്യ സഹായം ലഭ്യമാകുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്?

നിരാമയ ഇൻഷുറൻസ് സ്കീം: ബുദ്ധിപരമായ വെല്ലുവിളി, ഓട്ടിസം, മസ്തിഷ്ക തളർവാതം, ബഹു വിധ വൈകല്യം എന്നിവരെ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. പ്രതി വർഷം **1** ലക്ഷം രൂപ വരെ ധന സഹായം ലഭിക്കുന്നു.

താലോലം: സെറിബ്രൽ പാൽസി, ഹീമോഫീലിയ, ഓർത്തോപീഡിക് വൈകല്യങ്ങൾ, മറ്റ് ന്യൂറോ വൈകല്യങ്ങൾ, എൻഡോസൾഫാൻ ബാധിതർ എന്നിവരെയാണ് ഈ പദ്ധതിയിൽ ഉൾപെടുത്തിയിരിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ ഒരു രോഗിക്ക് **50,000** രൂപ വരെ ധനസഹായം ലഭിക്കുന്നു.

ശ്രുതി തരംഗം: **0-5** വയസ്സ് പ്രായമുള്ള കേൾവിക്കുറവുള്ള കുട്ടികൾക്കു സൗജന്യമായി കോക്ളിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനായുള്ള പദ്ധതിയാണിത്. 1ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള പാവപ്പെട്ട കുടുംബത്തിലെ കുട്ടികൾക്കാണു ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. സർക്കാർ ആശുപത്രികൾ വഴിയും തെരഞ്ഞെടുത്ത പ്രൈവറ്റ് ആശുപത്രികൾ വഴിയും ഈ പദ്ധതി നടപ്പിലാക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്


മിസ്. രജിത എൽ. 0471-3066638<br>
സോഷ്യൽ വർക്കർ<br>
നിഷ്

നിഡാസ് ടീം 0471-3066675